# നബി(സ)യുടെ വിടവാങ്ങൽ പ്രസംഗം

[ **Malayalam**]

# خطبة حجة الوداع

[ باللغة مليالم ]


ക്രോഡീകരണം: അബ്ദുൽ ലതീഫ് സുല്ലമി

اعداد: عبد اللطيف سلمي



**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്**

**റബ്‌വ – റിയാദ് – സൗദി അറേബ്യ**

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض
المملكة العربية السعودية

islamhouse.com

1429 – 2008

بسم الله الرحمن الرحيم

ഹിജ്റ പത്താം വർഷം ദുൽഖഅദ് മാസം ഇരുപത്തഞ്ചിന് ശനിയാഴ്ച നബി(സ)യും അനുയായികളും ഹജ്ജ് കർമ്മത്തിനായി പുറപ്പെട്ടു. നബി(സ) അറഫയുടെ സമീപത്ത് 'നമിറ' എന്ന സ്ഥലത്ത് നിർമ്മിച്ച തമ്പിൽ ഉച്ചവരെ കഴിച്ചുകൂട്ടി. ളുഹറിന്റെ സമയമായപ്പോൾ നബി(സ) തന്റെ ഒട്ടകപ്പുറത്ത് കയറി 'ബത്നുൽ വാദി' എന്ന ഇന്ന് അറഫയിലെ പള്ളി നിൽക്കുന്നിടത്ത് നിന്ന് ചരിത്രപ്രസിദ്ധമായ തന്റെ ഖുതുബത്തുൽ വിദാഅ് (വിടവാങ്ങൽ പ്രസംഗം) നിർവഹിച്ചു. ഒരു ലക്ഷത്തിൽ പരം ആളുകൾ നബിയുടെ പ്രസംഗം ശ്രവിച്ചുകൊണ്ട് നബി(സ)യോടൊപ്പം ഹജ്ജ് നിർവഹിക്കുകയുണ്ടായി.

വിവിധ പരമ്പരകളിലൂടെ വ്യത്യസ്ത ഹദീസ് ഗ്രന്ഥങ്ങളിൽ വന്നിട്ടുള്ളതിന്റെ രത്നച്ചുരുക്കമാണ് താഴെ കൊടുക്കുന്നത്.

"മനുഷ്യരേ, ഇത് സശ്രദ്ധം ശ്രവിക്കുക. ഈ കൊല്ലത്തിനു ശേഷംഈ സ്ഥാനത്ത് വെച്ച് ഇതുപോലെ ഇനി നാം കണ്ടുമുട്ടുമോ എന്ന് അറിഞ്ഞുകൂട. മനുഷ്യരേ, ഈ പ്രദേശത്തിന്റ, ഈ മാസത്തിന്റെ, ഈ സുദിനത്തിന്റെ പവിത്രത പോലെ നിങ്ങൾ നിങ്ങളുടെ രക്തത്തിനും അഭിമാനത്തിനും സമ്പത്തിനും പരസ്പരം ആദരവ് കൽപ്പിക്കേണ്ടതാണ്."

"നിങ്ങളുടെ കൈവശം ആരുടെയെങ്കിലും അമാനത്തുകൾ (സൂക്ഷിപ്പ് സ്വത്തുകൾ) ഉണ്ടെങ്കിൽ അത് കൊടുത്തുവീട്ടുക." "ജാഹിലിയ്യാ കാലത്തെ എല്ലാ ദുരാചാരങ്ങളേയും ഞാനിതാ കുഴിച്ചുമൂടുന്നു.

എല്ലാവിധ പലിശയേയും ഞാനിതാ ചവിട്ടിത്താഴ്ത്തുന്നു. മൂലധനമല്ലാതെ ഒന്നും നിങ്ങൾക്ക് അവകാശപ്പെടുന്നില്ല. ഒരാളും അക്രമിക്കപ്പെടരുതല്ലോ, എന്റെ പിതൃവ്യൻ അബ്ബാസ്(റ)വിന് കിട്ടേണ്ടതായ പലിശ ഞാനിതാ ദുർബലപ്പെടുത്തിയിരിക്കുന്നു."

"എല്ലാ നിലക്കുള്ള പ്രതികാരങ്ങളും ഇതാ അവസാനിപ്പിച്ചിരിക്കുന്നു. ഓന്നാമതായി അബ്ദുൽ മുത്തലിബിന്റെ മകൻ ഹാരിഥിന്റെ മകൻ റബീഅയുടെ പ്രതികാരം ഇതാ ദുർബലപ്പെടുത്തുന്നു."

"ജനങ്ങളേ, നിങ്ങളുടെ ഈ ഭൂമിയിൽ ഇനി പിശാച് ആരാധിക്കപ്പെടുന്നതിൽ നിന്നും അവൻ നിരാശനായിരിക്കുന്നു; എന്നാൽ ആരാധനയല്ലാതെ നീചപ്രവർത്തനങ്ങളാൽ അവൻ അനുസരിക്കപ്പെടുന്നതിൽ അവൻ തൃപ്തിയടയും. പിശാചിന് ആരാധനയുണ്ടാവുകയില്ല, എന്നാൽ അനുസരണം ഉണ്ടാവും."

"ജനങ്ങളേ, സ്ത്രീകളുടെ വിഷയത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം. അവർ നിങ്ങളുടെ അടുക്കൽ ഒരു അമാനത്താണ്. എന്നാൽ നിങ്ങളുടെ വിരിപ്പിൽ നിങ്ങൾക്ക് ഇഷ്ടമില്ലാത്തവരെ പ്രവേശിപ്പിക്കാതിരിക്കുക എന്നത് അവർക്ക് നിങ്ങളോടുള്ള കടമയാണ്. നിങ്ങൾ അവരോട് മാന്യമായി പെരുമാറുക. അവർക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം എന്നിവ മാന്യമായി നിങ്ങൾ നിർവഹിച്ചു കൊടുക്കുക."

"ഞാനിതാ കാര്യങ്ങളെല്ലാം നിങ്ങളിലേക്ക് എത്തിച്ചു തന്നിരിക്കുന്നു. രണ്ട് കാര്യങ്ങൾ ഞാനിതാ നിങ്ങളെ ഏൽപ്പിക്കുന്നു. അത് രണ്ടും മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ പിഴച്ചുപോകുകയില്ല; അത് അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ പ്രവാചകന്റെ ചര്യയുമാണ്."

"ജനങ്ങളേ, എനിക്ക് ശേഷം ഇനി ഒരു പ്രവാചകനില്ല. നിങ്ങൾക്ക് ശേഷം ഒരു സമുദായവുമില്ല. നിങ്ങൾ നിങ്ങളുടെ നാഥനെ മാത്രം ആരാധിക്കുക, അഞ്ച് സമയം നമസ്കരിക്കുക, റമദാനിൽ നോമ്പ് അനുഷ്ഠി

ക്കുക, സകാത്ത് നൽകുക, ഹജ്ജ് നിർവഹിക്കുക, നിങ്ങളുടെ നേതൃത്വത്തെ അനുസരിക്കുക. എങ്കിൽ നിങ്ങൾക്ക്് സ്വർഗ്ഗത്തിൽ പ്രവേശിക്കാം."

"ജനങ്ങളേ, എന്നെ സംബന്ധിച്ച് നിങ്ങളോട് ചോദിക്കും അന്ന് നിങ്ങളെന്തായിരിക്കും മറുപടി പറയുക?" 'താങ്കൾ ഞങ്ങൾക്ക് എത്തിച്ചു തന്നു, താങ്കളുടെ ദൗത്യം നിർവഹിച്ചു, എന്ന് ഞങ്ങൾ പറയും' എന്ന് അവർ ഏക സ്വരത്തിൽ പറഞ്ഞു. അന്നേരം പ്രവാചകൻ തന്റെ ചൂണ്ടുവിരൽ മേൽപ്പോട്ട് ഉയർത്തി "അല്ലാഹുവേ, നീ ഇതിന് സാക്ഷി . . . നീ ഇതിന് സാക്ഷി . . ." എന്ന് ആവർത്തിച്ചു പറഞ്ഞു.

"ജനങ്ങളേ,നിങ്ങളെല്ലാം ഒരേ പിതാവിൽ നിന്ന്. എല്ലാവരും ആദമിൽ നിന്ന്, ആദം മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടു. നിങ്ങളിൽ ഏറ്റവും ആദരണീയൻ ഏറ്റവും ഭക്തിയുള്ളവനാണ്. അറബിക്ക് അനറബിയേക്കാൾ തഖ്‌വ കൊണ്ടല്ലാതെ യാതൊരു ശ്രേഷ്ഠതയുമില്ല."

"ജനങ്ങളേ, ഇവിടെ ഹാജറുള്ളവർ ഹാജരില്ലാത്തവർക്ക് ഇത് എത്തിച്ചുകൊടുക്കുക. എത്തിക്കപ്പെടുന്നവർ എത്തിച്ചവരേക്കാൾ കാര്യം ഗ്രഹിച്ചേക്കാം." നബി(സ)യുടെ പ്രസംഗശേഷം വിശുദ്ധ ഖുർആനിലെ താഴെ പറയുന്ന സൂക്തം അവതരിച്ചു: "ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു"(സൂറ: മാഇദ:3)

وصلى الله وسلم على نبينا محمد وآله وصحبه أجمعين.